(ബി) പ്രസ്തുത പദ്ധതികളിൽ ഓരോ വർഷവും സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ എത്രയെന്ന് പഞ്ചായത്ത് തിരിച്ച് പട്ടിക ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയുടെ കീഴിൽ ആരംഭിക്കാനുദ്ദേശിച്ചിട്ടുള്ള രാജീവ്ഗാന്ധി സേവാകേന്ദ്രങ്ങളുടെ പ്രവർത്തനം കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ ആരംഭിച്ചിട്ടുണ്ടോ ; എന്തെല്ലാം സേവനങ്ങളും പ്രവൃത്തികളുമാണ് പ്രസ്തുത കേന്ദ്രങ്ങൾവഴി നടപ്പിലാക്കുന്നത് ?

ഉത്തരം

(എ-സി) അനുബന്ധം I, II, III ആയി ചേർത്തിരിക്കുന്നു.*

തൊഴിലുറപ്പ് പദ്ധതി മിനിമം വേതന വർദ്ധന

26 (4061) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലുറപ്പുപദ്ധതി പ്രകാരം തൊഴിൽ ചെയ്യുന്നവരുടെ വേതനം മിനിമം വേജസ് നിയമപ്രകാരം 320 രൂപയായി ഉയർത്തി നൽകുന്നകാര്യം പരിഗണിക്കുമോ ;

(ബി) മിനിമം വേജസ് നിയമപ്രകാരം വേതനം വർദ്ധിപ്പിച്ചു നൽകുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ ; എങ്കിൽ എന്താണെന്ന് വിശദമാക്കുമോ ;

(സി) മിനിമം വേജസ് നിയമപ്രകാരം വേതനം നൽകണമെന്ന് ഏതെങ്കിലും കോടതി ഉത്തരവ് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ഡി) തൊഴിലാളികളുടെ ജോലി സമയം രാവിലെ ഒൻപത് മുതൽ നാല് വരെ ആക്കുന്നകാര്യം പരിഗണിക്കുമോ ; ഇത് നടപ്പിലാക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ട് എന്താണെന്ന് വിശദമാക്കാമോ ;

(ഇ) തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നകാര്യം പരിഗണിക്കുമോ ?

(എഫ്) സർക്കാരിന്റെ പുതിയ ഉത്തരവ് പ്രകാരം ഇപ്പോൾ ഏതെല്ലാം ജോലികളാണ് പ്രസ്തുത പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ജി) മത്സ്യമേഖലയേയും ക്ഷീരമേഖലയേയും തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തുന്നകാര്യം പരിഗണിക്കുമോ ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമമനുസരിച്ച് പദ്ധതിയിൽ പണിയെടുക്കുന്ന അവിദഗ്ധ തൊഴിലാളികളുടെ വേതനം വിവിധ സംസ്ഥാനങ്ങളിൽ വിവിധ നിരക്കുകളിൽ പ്രതിദിനം 60 രൂപയിൽ കുറയാത്ത നിരക്കിൽ നിശ്ചയിക്കുന്നതിനുള്ള അധികാരം കേന്ദ്ര സർക്കാരിനാണ്. നിലവിലുള്ള വിലസൂചികയുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ 2015 ഏപ്രിൽ ഒന്നു മുതൽ തൊഴിലാളികളുടെ വേതനം 229 രൂപയായി വിജ്ഞാപനം ചെയ്തിട്ടുണ്ട്.

(സി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ മിനിമം വേജസ് നിയമപ്രകാരം വേതനം നൽകണമെന്ന കോടതി ഉത്തരവ് ലഭ്യമായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമമനുസരിച്ച് ഒരു തൊഴിലാളിയുടെ ഒരു ദിവസത്തെ എട്ട് മണിക്കൂർ ജോലി സമയം എന്നത് പകൽ 12 മണിക്കൂറിൽ അധികരിക്കാൻ പാടില്ലാത്തവിധം സൗകര്യാനുസരണം ക്രമീകരിക്കേണ്ടതാണെന്ന് അനുശാസിച്ചിട്ടുണ്ട്. ഇതനുസരിച്ച് ഒരു മണിക്കൂർ വിശ്രമമുൾപ്പെടെ എട്ട് മണിക്കൂർ ക്രമീകരിക്കുമ്പോൾ രാവിലെ ഒമ്പത് മണി മുതൽ അഞ്ച് മണി വരെയായി നിജപ്പെടുത്തേണ്ടതുണ്ട്.

(ഇ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റവും കുറഞ്ഞത് പതിനഞ്ച് ദിവസമെങ്കിലും പണിയെടുത്തിട്ടുള്ള തൊഴിലാളികൾക്ക് ആം ആദ്മി ബീമാ യോജന പ്രകാരമുള്ള ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പ് വരുത്തുന്നതിനുള്ള നിർദ്ദേശം ജില്ലകൾക്ക് നൽകിയിട്ടുണ്ട്.

(എഫ്) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ജി) മത്സ്യമേഖലയിൽ അടിസ്ഥാന സൗകര്യങ്ങളായ മത്സ്യം ഉണക്കുന്ന കേന്ദ്രങ്ങൾ, മത്സ്യം സൂക്ഷിക്കുന്ന കേന്ദ്രങ്ങൾ എന്നിവ നിർമ്മിക്കലും വർഷകാലത്ത് മാത്രം വെള്ളം ലഭ്യമാകുന്ന പൊതുകളങ്ങളിൽ (Seasonal water bodies on public land) മത്സ്യം വളർത്തുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ എന്നീ പ്രവൃത്തികൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മൃഗപരിപാലനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളായ തൊഴുത്ത്, പുൽത്തൊട്ടി എന്നിവയുടെ നിർമ്മാണം പദ്ധതിയിലേറ്റെടുത്തുവരുന്നു. ഈ മേഖലയിലെ ഗുണഭോക്താക്കൾക്ക് കൂടുതൽ മെച്ചപ്പെട്ട വിഭവാടിത്തറ സൃഷ്ടിക്കുന്നതിനായി തൊഴിലുറപ്പ്

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതി കൃഷി, ഫിഷറീസ്, ഡയറി, മൃഗസംരക്ഷണ വകുപ്പുകളുടെ പദ്ധതികളുമായി സമന്വയിപ്പിച്ച് (Convergence) പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. അതോടൊപ്പം ക്ഷീരകർഷകരുടെ മൃഗപരിപാലനവുമായി ബന്ധപ്പെട്ട ദൈനംദിന പ്രവൃത്തികൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സംസ്ഥാനം നിരവധി തവണ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. അനുകൂലമായ മറുപടി നാളിതുവരെ ലഭ്യമായിട്ടില്ല.

കാഞ്ഞങ്ങാട് മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതി

27 (4062) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം റോഡുകൾക്കാണ് ഭരണാനുമതി ലഭിച്ചതെന്നും അതിൽ എത്ര റോഡുകളുടെ പ്രവൃത്തി പൂർത്തിയായിയെന്നും വിശദമാക്കാമോ ;

(ബി) പുതുതായി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് കാഞ്ഞങ്ങാട് മണ്ഡലത്തിൽ നിന്നും ഏതൊക്കെ റോഡുകളാണ് തെരഞ്ഞെടുത്തിട്ടുള്ളത് ;

(സി) പദ്ധതിയിൽ ഉൾപ്പെടാൻ നിലവിലെ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി യോഗ്യതയുള്ള ഏതൊക്കെ റോഡുകളാണ് മണ്ഡലത്തിൽ ഉള്ളതെന്ന് പഞ്ചായത്ത് തിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) കാഞ്ഞങ്ങാട് നിയമസഭ മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 32 റോഡുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 29 പ്രവൃത്തികൾ പൂർത്തീകരിച്ചു. മൂന്ന് പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. അനുവദിച്ച റോഡുകളുടെ പട്ടിക അനുബന്ധം I ആയി ചേർക്കുന്നു.*

(ബി) കാഞ്ഞങ്ങാട് നിയമസഭ മണ്ഡലത്തിൽ പെടുന്ന മടിക്കൈ പഞ്ചായത്തിലെ മുണ്ടോട്-തൊട്ടിനാട്-അരയങ്ങാനംറോട് പുതുതായി പി.എം.ജി.എസ്.വൈ.- II പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്.

(സി) പി.എം.ജി.എസ്.വൈ.-II പദ്ധതിയിൽ ഉൾപ്പടുത്തുന്നതിനുവേണ്ടി ഡി.ആർ.ആർ.പി. തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള കാഞ്ഞങ്ങാട് നിയമസഭ മണ്ഡലത്തിൽ പെടുന്ന റോഡുകൾ അനുബന്ധം II ആയി ചേർക്കുന്നു.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly